(സി) തോട്ടം മേഖലകളിലുള്ള പ്രതിസന്ധി കാരണം 1-4-2002 മുതൽ ക്ഷാമബത്തയിലുണ്ടായ വർദ്ധനവ് തല്ക്കാലം നല്കേണ്ടതില്ല എന്ന തീരുമാനം പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ എടുത്തിരുന്നു. പിന്നീട് 1-10-2003 മുതൽ റബ്ബർ, ഏലം തോട്ടങ്ങളിലും 1-1-2005 മുതൽ മറ്റു തോട്ടങ്ങളിലും ഇത് പുനഃസ്ഥാപിച്ചിട്ടുണ്ട്. റബ്ബർ, ഏലം പ്ലാന്റേഷനുകളിലെ തൊഴിലാളികൾക്ക് 6 ഗഡുവിലേയും, കോഫി, തേയില പ്ലാന്റേഷനുകളിലെ തൊഴിലാളികൾക്ക് 11 ഗഡുവിലേയും ക്ഷാമബത്ത വർദ്ധനവ് കിട്ടാനുണ്ട്. മറ്റ് വ്യവസായങ്ങളിലൊന്നും തന്നെ ക്ഷാമബത്ത മരവിപ്പിച്ചിട്ടില്ല.

(ഡി) റബ്ബർ, ഏലം പ്ലാന്റേഷനുകളിലെ തൊഴിലാളികൾക്ക് 1-10-2003 മുതലും കോഫി, തേയില പ്ലാന്റേഷനുകളിലെ തൊഴിലാളികൾക്ക് 1-1-2005 മുതലും ക്ഷാമബത്ത വർദ്ധനവ് പുനഃസ്ഥാപിച്ച് നൽകുവാൻ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനിച്ചിട്ടുണ്ട്. കുടിശ്ശിക നൽകുന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല.

തോട്ടം മേഖല നേരിടുന്ന പ്രതിസന്ധി

8 [*237] ശ്രീ. ടി. പി. രാമകൃഷ്ണൻ :

,, കെ. രാധാകൃഷ്ണൻ :

,, കെ. പി. സതീശ് ചന്ദ്രൻ :

,, എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തോട്ടം മേഖല നേരിടുന്ന പ്രതിസന്ധിയുടെ കാരണങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) :

(എ) ഉണ്ട്.

(ബി) തേയിലയുടെ വിലക്കുറവും വർദ്ധിച്ച ഉല്പാദനച്ചെലവും മറ്റ് രാജ്യങ്ങളിൽ നിന്നുള്ള തേയിലയുടെ ഇറക്കുമതിയും കാരണം കഴിഞ്ഞ ഏതാനും വർഷങ്ങളായി കേരളത്തിലെ തോട്ടം മേഖല കടുത്ത പ്രതിസന്ധി നേരിടുകയാണ്. തോട്ടം മേഖലയെ പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടി സർക്കാർതലത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കേണ്ട സഹായങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടി ധനകാര്യ-എക്സൈസ് വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി എന്നിവരടങ്ങുന്ന ഡെലിഗേഷൻ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാർക്കും നിവേദനം നൽകുകയും ചർച്ചയിലൂടെ കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇടുക്കി ജില്ലാ കളക്ടർ ചെയർമാനായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കേന്ദ്രവാണിജ്യ വകുപ്പ് തോട്ടങ്ങളുടെ രക്ഷയ്ക്കായി പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ടും രൂപീകരിച്ചിട്ടുണ്ട്.

പ്രതിസന്ധി തരണം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ സാദ്ധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly